പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം: 1070

20/03/2012-ൽ മറുപടി
നല്കേണ്ടത്

ഭൂരഹിതർക്ക് ഭൂമി നൽകുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. എം. പി. വിൻസെന്റ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ഭൂരഹിതർക്ക് ഭൂമി നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കേരള സംസ്ഥാനത്തെ 2015 ഓട്ടുകൂടെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുന്നതിന് Zero landless (citizens) Kerala 2015 എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി ഭൂമി പതിവിനുള്ള അപേക്ഷ 23/01/2012ലെ ജി.ഒ.(പി) 31/2012/റവന്യൂ പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും ഭേദഗതി വരുത്തിയ അപേക്ഷാ ഫാറത്തിന്റെ വിതരണം വില്ലേജാഫീസുകൾ മുഖേന 09/03/2012മുതൽ ആരംഭിച്ചിട്ടുള്ളതുമാണ്. 18/06/2012 വരെ പൂരിപ്പിച്ച അപേക്ഷകൾ വില്ലേജാഫീസുകളിൽ സ്വീകരിക്കുന്നതും തുടർന്ന് ജില്ലാ ഐ.ടി. സെല്ലുകളുടെ സഹായത്തോടുകൂടി അപേക്ഷകളിന്മേലുള്ള നടപടികൾ പൂർത്തീകരിച്ച് 15/08/2012ന് (സ്വാതന്ത്ര്യ ദിനത്തിൽ) സംസ്ഥാനത്താകെയുള്ള ഭൂരഹിതരുടെ അന്തിമലിസ്റ്റ് പ്രസിദ്ധീകരിച്ച് 2015ഓടുകൂടി കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്നതാണ് ലക്ഷ്യം. |
| (ബി) ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി പൈലറ്റ് പ്രോജക്ടുകളായി നടപ്പാക്കുന്നത്; | (ബി) എറണാകുളം ജില്ല ഒഴികെ മറ്റു ജില്ലകളിൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്. എറണാകുളം ജില്ലയിൽ 17/03/2012ന് നടന്ന ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റ ചട്ടം നിലനില്ക്കുന്നതിനാൽ തിരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് Zero landless (citizens) Kerala 2015 പദ്ധതി പ്രകാരമുള്ള നടപടികൾ ആരംഭിക്കുന്നതാണ്. |
| (സി) സർക്കാരിന്റെ പക്കൽ ഭൂമി കൂടുതലുള്ള ജില്ലകളിലേയ്ക്ക് പ്രസ്തുതപദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ? | (സി) കേരളത്തിലെ മുഴുവൻ ജില്ലകളിലും പദ്ധതി നടപ്പിൽ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ